**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **09-12-2022 - ൽ മറുപടിയ്ക്ക്**

**വേളി-കഠിനംകുളം ജലഗതാഗത സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പാർവ്വതി പുത്തനാറിലൂടെ വേളി-കഠിനംകുളം ജലഗതാഗത സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന് സമീപത്ത് നിന്നും ആരംഭിച്ച് പശ്ചിമ തീര കനാലിലൂടെ കഠിനംകുളം, പാർവതി പുത്തനാർ, അഴൂർ വഴി പുളിമൂട്ടിൽ കടവ് എത്തുന്ന രീതിയിലാണ് ഈ ടൂറിസം സർവീസ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വേളിയിലുള്ള വി.എസ്.എസ്.സി. പാലത്തിന് സമീപം 60 സെന്റ് പുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് അത്യാവശ്യ സൗകര്യങ്ങളായ സ്റ്റേഷൻ ഓഫീസ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ നിർമ്മാണ പ്രവർത്തികൾ KEL മുഖേന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വേളി മുതൽ പുളിമൂട്ടിൽ കടവ് വരെയുള്ള ബോട്ട് ജെട്ടി നിർമ്മാണത്തിന് മേല്പടി ബോട്ട് കടന്നു പോകുന്ന മേഖലകളിലെ വാർഡ് കൗൺസിലർമാരെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും നേരിൽ കണ്ട് താൽക്കാലിക ഫ്ലോട്ടിംഗ് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിവരങ്ങൾ കൈമാറുകയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ അടിയന്തരമായി തന്നെ പഞ്ചായത്ത് തനതു ഫണ്ട് ഉപയോഗിച്ചോ മറ്റു ഫണ്ടുകൾ കണ്ടെത്തിയോ ബോട്ട് ജെട്ടികൾ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. തുടർ നടപടികൾക്കായി തിരുവനന്തപുരം മേയർക്ക് ജലഗതാഗത വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലഗതാഗത വകുപ്പിനോട് ഈ മേഖലയിൽ ബോട്ട് സർവീസിനാവശ്യമായ ബോട്ട് ജെട്ടികൾ നിർമ്മിച്ചു നൽകണം എന്നുള്ള ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഈ മേഖലയിലേക്കുള്ള ഒരു |

| | | | |
|---|---|---|---|
| | | | ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ട്രയൽ സർവീസ് നടത്തിവരുന്നു. ബോട്ട് ജെട്ടി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ബോട്ട് വേളിയിൽ എത്തിച്ച് സർവീസ് ആരംഭിക്കുന്നതിന് സജ്ജമാണ്. |
| (ബി) | പ്രസ്തുത റൂട്ടിൽ ബോട്ട് ജെട്ടികൾ നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന് സമീപത്ത് നിന്നും ആരംഭിച്ച് പശ്ചിമ തീര കനാലിലൂടെ കഠിനംകുളം, പാർവതി പുത്തനാർ, അഴൂർ വഴി പുളിമൂട്ടിൽ കടവ് എത്തുന്ന രീതിയിലാണ് ഈ ടൂറിസം സർവീസ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വേളിയിലുള്ള വി.എസ്.എസ്.സി. പാലത്തിന് സമീപം 60 സെന്റ് പുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് അത്യാവശ്യ സൗകര്യങ്ങളായ സ്റ്റേഷൻ ഓഫീസ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ നിർമ്മാണ പ്രവർത്തികൾ KEL മുഖേന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വേളി മുതൽ പുളിമൂട്ടിൽ കടവ് വരെയുള്ള ബോട്ട് ജെട്ടി നിർമ്മാണത്തിന് മേല്പടി ബോട്ട് കടന്നു പോകുന്ന മേഖലകളിലെ വാർഡ് കൗൺസിലർമാരെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും നേരിൽ കണ്ട് താൽക്കാലിക ഫ്ലോട്ടിംഗ് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിവരങ്ങൾ കൈമാറുകയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ അടിയന്തരമായി തന്നെ പഞ്ചായത്ത് തനതു ഫണ്ട് ഉപയോഗിച്ചോ മറ്റു ഫണ്ടുകൾ കണ്ടെത്തിയോ ബോട്ട് ജെട്ടികൾ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. തുടർ നടപടികൾക്കായി തിരുവനന്തപുരം മേയർക്ക് ജലഗതാഗത വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലഗതാഗത വകുപ്പിനോട് ഈ മേഖലയിൽ ബോട്ട് സർവീസിനാവശ്യമായ ബോട്ട് ജെട്ടികൾ നിർമ്മിച്ചു നൽകണം എന്നുള്ള ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഈ മേഖലയിലേക്കുള്ള ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ട്രയൽ സർവീസ് നടത്തിവരുന്നു. ബോട്ട് ജെട്ടി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ബോട്ട് വേളിയിൽ എത്തിച്ച് സർവീസ് ആരംഭിക്കുന്നതിന് സജ്ജമാണ്. |
| (സി) | പ്രസ്തുത റൂട്ടിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ബോട്ട് ജെട്ടികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് | (സി) | വേളി (സ്റ്റാർട്ടിങ്), അബ്ദുൽകലാം പാർക്ക്, സ്റ്റേഷൻ കടവ്, കഠിനംകുളം, മുരിക്കുംപുഴ അഴൂർ, പുളിമൂട്ടിൽ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | കടവ്. |
| (ഡി) | എത്ര ബോട്ടുകളുടെ സേവനമാണ് സർവ്വീസിന് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | ഒന്ന്. |
| (ഇ) | പ്രസ്തുത സർവ്വീസുകൾ നിർവ്വഹിക്കുന്നത് ഏത് ഡിപ്പാർട്ട്മെന്റ് ആണെന്ന് വിശദമാക്കാമോ? | (ഇ) | സംസ്ഥാന ജലഗതാഗത വകുപ്പ്. |

സെക്ഷൻ ഓഫീസർ